# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1003. 30-09-2016 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകൃഷി വികസനത്തിന് നൂതന പദ്ധതികൾ

**ചോദ്യം**
ശ്രീ.പി. ഉണ്ണി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ നെൽക്കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാമോ; | (എ) | കേരളത്തിൽ നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | നെൽകൃഷി വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ സംസ്ഥാന നെല്ലുവർഷമായി പ്രഖ്യാപിച്ച് വിപുലമായ പദ്ധതി നടപ്പിലാക്കുന്നതാണ്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന ക്യാമ്പയിൻ വിപുലമാക്കും. ഇതിനു പുറമെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>2. വികസന ഏജൻസികൾക്കുള്ള ധനസഹായം.<br>3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .<br>4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.<br>5. കരനെൽകൃഷി വികസനം.<br>6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ).<br>7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).<br>8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി |
| (സി) | നെൽകർഷകർക്ക് ഉൽപ്പാദന ബോണസ് ഉൾപ്പെടെ നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | നിലവിൽ നെൽകർഷകർക്ക് ഉൽപാദന ബോണസ് നൽകി വരുന്നുണ്ട്. |
| (ഡി) | വിള ഇൻഷ്വറൻസ് ലഭിയ്ക്കുന്നതിനുള്ള സൗകര്യം സുതാര്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിൽ വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാണ്. |

സെക്ഷൻ ഓഫീസർ